● പഠനം

● മുഹമ്മദ് കാടേരി



# സ്ത്രീകളുടെ ജനാസഃ നമസ്കാരം പ്രമാണങ്ങൾക്കെതിരെ യാഥാസ്ഥിതിക ജൽപനങ്ങൾ

ഒരു മുസ്‌ലിം മരണപ്പെട്ടാൽ അയാളുടെ മൃതദേഹം സംസ്കരിക്കേണ്ടത് മുസ്‌ലിംകളുടെ സാമൂഹിക ബാധ്യത -ഫർദു കിഫായഃ- യാണ്. കുറച്ചുപേർ നിർവഹിച്ചാൽ എല്ലാവരും ബാധ്യതയിൽ നിന്ന് മുക്തമാകുന്ന നിർബന്ധ കർത്തവ്യമാണ് ഫർദുകിഫായഃ എന്നതിന്റെ വിവക്ഷ. കുളിപ്പിക്കുക, കഫൻ ചെയ്യുക, നമസ്കരിക്കുക, മറമാടുക തുടങ്ങിയവയാണ് മൃതദേഹ സംസ്കരണം എന്നതിന്റെ വിവക്ഷ. ഇവയിൽ ഏറെ പ്രാധാന്യമർഹിക്കുന്ന കർമ്മമാണ് നമസ്കാരം. ജനാസഃ ബാധ്യതയെ സൂചിപ്പിക്കുന്ന ഒരു നബിവചനം ഇപ്രകാരമാണ്: അബൂഹുറൈറഃ(റ)യിൽ നിന്നു നിവേദനം:

أن النبي صلى الله عليه وسلم كان يُؤْتي بالرجل المتوفى عليه الدّيْن فيسأل هل ترك لدينه فضلا؟ فإن حدّث أنه ترك وفاء صلى، وإلا قال للمسلمين صلوا على صاحبكم.

'കടബാധ്യതയുള്ളയാളുടെ മൃതദേഹം നബി(സ)യുടെ മുമ്പിൽ കൊണ്ടുവന്നാൽ അവിടന്ന് ചോദിക്കും: കടം വീട്ടാൻ വല്ലതും അയാൾ അവശേഷിപ്പിച്ചിട്ടുണ്ടോ? ബാധ്യത തീർക്കാൻ വേണ്ടത് ഉപേക്ഷിച്ചിട്ടുണ്ടെന്ന് വിവരം ലഭിച്ചാൽ അവിടന്ന് നമസ്കരിക്കും. അല്ലെങ്കിൽ മുസ്‌ലിംകളോട് പറയും: നിങ്ങളുടെ കൂട്ടുകാരനുവേണ്ടി നിങ്ങൾ നമസ്കരിച്ചുകൊള്ളുക' - ബുഖാരി, മുസ്‌ലിം.

**നമസ്കരിച്ചു കൊള്ളുക –സ്വല്ലൂ– എന്ന ആജ്ഞ പുല്ലിംഗ വചനത്തിലാണ് വന്നിട്ടുള്ളതെങ്കിലും സ്ത്രീകൾക്കു കൂടി ബാധകമാണ്. ഖുർആനിലെയും ഹദീസുകളിലെയും മറ്റുനിർദ്ദേശങ്ങളുടെ സ്ഥിതിയും ഇതുതന്നെ. ഇവയൊക്കെ പുരുഷന്മാരോട് മാത്രമാണെന്നും സ്ത്രീകൾക്കു ബാധകമല്ലെന്നും വ്യക്തമാക്കുന്ന പ്രമാണങ്ങൾ ഉണ്ടെങ്കിലേ മറിച്ചൊരു നിഗമനത്തിന് സാധ്യതയുള്ളൂ. മയ്യിത്ത് നമസ്കാരം പുരുഷന്മാർക്കു മാത്രമെ ബാധകമാവുകയുള്ളൂ എന്ന് കുറിക്കുന്ന പ്രമാണങ്ങളൊന്നും ഇല്ല.**

നമസ്കരിച്ചു കൊള്ളുക -സ്വല്ലൂ- എന്ന ആജ്ഞ പുല്ലിംഗ വചനത്തിലാണ് വന്നിട്ടുള്ളതെങ്കിലും സ്ത്രീകൾക്കു കൂടി ബാധകമാണ്. ഖുർആനിലെയും ഹദീസുകളിലെയും മറ്റുനിർദ്ദേശങ്ങളുടെ സ്ഥിതിയും ഇതുതന്നെ. ഇവയൊക്കെ പുരുഷന്മാരോട് മാത്രമാണെന്നും സ്ത്രീകൾക്കു ബാധകമല്ലെന്നും വ്യക്തമാക്കുന്ന പ്രമാണങ്ങൾ ഉണ്ടെങ്കിലേ മറിച്ചൊരു നിഗമനത്തിന് സാധ്യതയുള്ളൂ. മയ്യിത്ത് നമസ്കാരം പുരുഷന്മാർക്കു മാത്രമെ ബാധകമാവുകയുള്ളൂ എന്ന് കുറിക്കുന്ന പ്രമാണങ്ങളൊന്നും ഇല്ല. മയ്യിത്ത് നമസ്കാരത്തിന്റെ ഉത്തരവാദിത്വം സ്ത്രീകൾക്കുമുണ്ടെന്ന് കർമ്മശാസ്ത്ര പണ്ഡിതന്മാരുടെ പ്രസ്താവനകൾ സൂചിപ്പിക്കുന്നു. പ്രമുഖ ശാഫിഈ കർമ്മശാസ്ത്ര പണ്ഡിതനായ

ഇമാമുൽ ഹറമൈനി എഴുതുന്നു:

والمرأة إذا كانت حائضا يوم الموت ثم طهرت، فالحيض ينافي صحة الصلاة ووجوبها، ولكن هي على الجملة ممن يخاطب بالصلاة، فالذي أراه أنها تصلى إذا طهرت عن ذلك.

'(മയ്യിത്തിന്റെ) മരണദിവസം സ്ത്രീ ഋതുമതിയായിരിക്കുകയും പിന്നീട് ശുദ്ധിയാവുകയും ചെയ്യുന്ന പക്ഷം, ഋതുരക്തം നമസ്കാരത്തിന്റെ സാധുതക്കും നിർബന്ധത്തിനും എതിരാണെങ്കിലും, പൊതുവിൽ നമസ്കാരം കൊണ്ട് സംബോധന ചെയ്യപ്പെടുന്നവരിൽ അവളും ഉൾപ്പെടുന്നു. അതിനാൽ ഞാൻ അഭിപ്രായപ്പെടുന്നത്, അവൾ അതിൽ നിന്നും ശുദ്ധിയായാൽ നമസ്കരിക്കണമെന്നാണ്' (നിഹായത്തുൽ മത്വ്ലബ് ഫീ ദിറായതിൽ മദ്ഹബ് 3/65).

മയ്യിത്തിന്റെ സാന്നിധ്യത്തിലുള്ള ജനാസഃ നമസ്കാരത്തിൽ സംബന്ധിക്കാൻ പ്രതിബന്ധമുള്ളവർ, മറമാടിയ ശേഷം ഖബ്റിനുടത്ത് വെച്ച് മയ്യിത്ത് നമസ്കരിക്കുന്ന വിഷയം ചർച്ച ചെയ്യവെയാണ് ഇമാമുൽ ഹറമൈനിയുടെ പ്രസ്തുത അഭിപ്രായ പ്രകടനം. മരണദിവസം ഋതുമതിയായിരുന്ന സ്ത്രീയുടെ വിധി ഇതാണെങ്കിൽ, ശുദ്ധാവസ്ഥയിലുള്ള സ്ത്രീക്കു നമസ്കാരം ബാധകമാണെന്ന കാര്യത്തിൽ സംശയത്തിനിടമില്ല.

നബി(സ) തിരുമേനിയുടെ പത്നിമാരുൾപ്പടെ സ്വഹാബി വനിതകൾ മയ്യിത്ത് നമസ്കാരം നിർവഹിച്ചിരുന്നതായി നിവേദനങ്ങൾ വ്യക്തമാക്കുന്നു. ഇബ്നു അബ്ബാസി(റ)ൽ നിന്നു നിവേദനം:

لما صُلِّيَ على رسول الله صلى الله عليه وسلم أدخِل الرجال فصلّوا عليه بغير إمام أرسالا حتى فرغوا ثم أدخِل النساء وصلّين عليه ثم أدخِل الصبيان فصلوا عليه ثم أدخِل العبيد فصلوا عليه أرسالا لم يؤمهم على رسول الله صلى الله عليه وسلم.

നബി(സ)യുടെ ജനാസഃ നമസ്കാരം നടന്നപ്പോൾ ആദ്യം പുരുഷൻമാരെ അകത്തേക്കു കടത്തിവിട്ടു. അവർ ഇമാമില്ലാതെ ഓരോരുത്തരായി നമസ്കരിച്ചു. അവർ വിരമിച്ചപ്പോൾ സ്ത്രീകൾക്കു പ്രവേശനം ലഭിക്കുകയും അവർ നമസ്കരിക്കുകയും ചെയ്തു. അനന്തരം കുട്ടികൾക്കു പ്രവേശനാനുമതി നൽകി. അവർ നമസ്കരിച്ചു കഴിഞ്ഞപ്പോൾ അടിമകൾ പ്രവേശിപ്പിക്കപ്പെട്ടു. അവരും ഒറ്റക്കൊറ്റക്കായി നമസ്കരിച്ചു. നബി(സ)യുടെ പേരിലുള്ള നസ്കാരത്തിന് ഇമാം ഉണ്ടായിരുന്നില്ല' -ബൈഹഖി.

ആഇശഃ(റ)യിൽ നിന്നു നിവേദനം:

لما توفى سعد بن أي وقاص أرسل أزواج النبي صلى الله عليه وسلم أن يمرّوا بجنازته في المسجد فيصلّين عليه ففعلوا...

സഅ്ദുബ്നു അബീ വഖ്ഖാസ്(റ) അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ ജനാസഃ, തങ്ങൾക്കു കൂടി നമസ്കരിക്കാനായി പള്ളിയിൽ കൊണ്ടുവരണമെന്ന ആവശ്യവുമായി നബി പത്നിമാർ ദൂതനെ അയച്ചു തദനുസൃതം അവർ പ്രവർത്തിക്കുകയും ചെയ്തു' -മുസ്ലിം.

അബ്ദുല്ലാഹിബ്നു അബീ ത്വൽഹഃയിൽ നിന്നു നിവേദനം:

أن أبا طلحة دعا رسول الله صلى اله عليه وسلم إلى عمير بن أبي طلحة حين توفى، فأتاه رسول الله صلى الله عليه وسلم فصلى عليه في منزلهم، فتقدّم رسول الله صلى الله عليه وسلم وكان أبو طلحة وراءه وأم سليم وراء أبي طلحة ولم يكن معهم غيرهم.

ഉമൈറുബ്നു അബീ ത്വൽഹഃ മരണപ്പെട്ടപ്പോൾ അബൂത്വൽഹഃ(റ) പ്രവാചകനെ വിളിച്ചുവരുത്തി. റസൂൽ(സ) വന്ന് അവരുടെ വീട്ടിൽ വെച്ച് മയ്യിത്ത് നമസ്കാരം നിർവഹിച്ചു. നമസ്കാരത്തിൽ റസൂൽ(സ)

മുന്നിലും അബൂ ത്വൽഹഃ(റ) റസൂലിന്റെ പിന്നിലും ഉമ്മു സുലൈം (അബൂത്വൽഹയുടെ ഭാര്യ) അബൂ ത്വൽഹക്കു പിന്നിലും നിന്നു. അവരോടൊപ്പം മറ്റാരും ഉണ്ടായിരുന്നില്ല' -ഹാകിം, ത്വബറാനി, ബൈഹഖി.

ഇബ്നു സഅ്ദ് തന്റെ നിവേദക പരമ്പരയിലൂടെ ഉദ്ധരിക്കുന്നു:

أن عمر بن الخطاب انتظر أم عبد بالصلاة على عتبة بن مسعود

'ഉത്ബതുബ്നു മസ്ഊദ്(റ) മരണപ്പെട്ടപ്പോൾ അദ്ദേഹത്തിനു വേണ്ടി നമസ്കരിക്കാൻ മാതാവ് ഉമ്മു അബ്ദിനെ ഉമർ(റ) കാത്തുനിന്നു' -അത്ത്വബഖാതുൽ കുബ്റാ 4/126, 127.

മുകളിലുദ്ധരിച്ച പ്രമാണങ്ങളിൽ നിന്നും പൂർവിക മഹാന്മാരുടെ കർമ്മ മാതൃകയിൽ നിന്നും മയ്യിത്ത് നമസ്കാരം പുരുഷന്മാർക്കെന്ന പോലെ സ്ത്രീകൾക്കും നിയമപരമാണെന്ന് സ്പഷ്ടമാകുന്നു. എന്നാൽ പുരുഷന്മാർ ഉണ്ടായിരിക്കെ സ്ത്രീകൾ മാത്രം നമസ്കരിക്കുന്നത് കൊണ്ട് മയ്യിത്ത് നമസ്കാരത്തിന്റെ ബാധ്യത വീടുമോ എന്ന വിഷയത്തിൽ ശാഫിഈ മദ്ഹബിൽ രണ്ടു പക്ഷമുണ്ട്. ഇമാം നവവി രേഖപെടുത്തുന്നു:

وهل يسقط هذا الفرض بصلاة النساء مع وجود الرّجال؟ فيه وجهان أصحهما لا يسقط وبه قطع الفوراني والبغوي وآخرون والثاني يسقط وبه قطع المتولّى.

'പുരുഷന്മാർ ഉണ്ടായിരിക്കെ, സ്ത്രീകൾ നമസ്കരിക്കുന്നത് കൊണ്ട് ബാധ്യത തീരുമോ എന്ന കാര്യത്തിൽ രണ്ടുവീക്ഷണമുണ്ട്. അതിൽ ഏറെ പ്രബലമാ(അസ്ഹ്)യിട്ടുള്ളത്, ബാധ്യത വീടുകയില്ലെന്നാണ്. ഫൂറാനിയും ബഗവിയും മറ്റും ഉറപ്പിച്ചു പറഞ്ഞതാണത്. രണ്ടാമത്തെ വീക്ഷണം ബാധ്യത തീരുമെന്നാണ്. മുതവല്ലി ഖണ്ഡിതമാക്കിപ്പറഞ്ഞതാണിത്' -ശർഹുൽ മുഹദ്ദബ് 5/166.

മയ്യിത്ത് നമസ്കാരത്തിന്റെ വിഷയത്തിൽ ഈവിധം സ്ത്രീ പുരുഷ വിവേചനം മറ്റു മദ്ഹബുകളിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ശാഫിഈ മദ്ഹബിലെ സ്വഹീഹാ (പ്രബലം)യ രണ്ടാമത്തെ വീക്ഷണം കണക്കിലെടുത്തുകൊണ്ടാവണം, 'ബുലൂഗുൽ മറാമി'ന്റെ വ്യാഖ്യാനമായ 'തൗദീഹുൽ അഹ്കാമി'ൽ അതിന്റെ കർത്താവ് ഇപ്രകാരം എഴുതിയിരിക്കുന്നു:

ويسقط الفرض بالصلاة عليه من مكلف ذكرا كان أو أنثى عند الأئمة الأربعة.

'സ്ത്രീയോ പുരുഷനോ ആവട്ടെ, ഒരു മുകല്ലഫാ(നിയമബാധിതൻ)യ വ്യക്തി പരേതന്റെ പേരിൽ നമസ്കരിക്കുന്നതുമൂലം നാലു, ഇമാമീങ്ങളുടെയും അടുക്കൽ, മയ്യിത്ത് നമസ്കാരത്തിന്റെ ബാധ്യത വീടും' -തൗദീഹുൽ അഹ്കാം 3/184.

പുരുഷന്മാർ ഉണ്ടായിരിക്കെ സ്ത്രീകൾ നമസ്കരിക്കുന്നത് കൊണ്ട് പുരുഷന്മാർ കുറ്റവിമുക്തരാകില്ലെന്ന

■

**ഒരു സാമൂഹ്യ ബാധ്യത എന്ന നിലയിൽ മയ്യിത്ത് നമസ്കാരം പുരുഷനെപ്പോലെ സ്ത്രീക്കും ബാധകമാണ് എന്നാണ് ഭൂരിപക്ഷം കർമ്മശാസ്ത്ര മദ്ഹബുകളും പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. ശാഫിഈ മദ്ഹബിലെ ഒരു വിഭാഗം പണ്ഡിതന്മാർക്ക്, പുരുഷൻ ഉണ്ടായിരിക്കെ സ്ത്രീക്ക് പ്രസ്തുത നമസ്കാരത്തിന്റെ ബാധ്യതയില്ലെന്ന് അഭിപ്രായമുണ്ട്. അവരുടെ വീക്ഷണത്തിൽ, പുരുഷന്മാർ ഉള്ളപ്പോൾ അവരുടെ കൂടെയോ അല്ലാതെയോ സ്ത്രീകൾ നമസ്കരിക്കുന്ന പക്ഷം അത് സുന്നത്തായി പരിഗണിക്കപ്പെടും.**

ശാഫിഈ മദ്ഹബിലെ ഏറെ പ്രബലമാ(അസ്സ്വഹ്ഹ്)യ വീക്ഷണ പ്രകാരം സ്ത്രീകൾ മയ്യിത്ത് നമസ്കരിക്കുന്നത് സാധുവാണെന്ന് മാത്രമല്ല, സുന്നത്തുമാണ്. പുരുഷന്മാരുടെ ബാധ്യത തീരണമെങ്കിൽ അവരും നമസ്കരിക്കണമെന്നേയുള്ളൂ. ശാഫിഈ മദ്ഹബിലെ പ്രബലമാ(സ്വഹീഹ്)യ രണ്ടാമത്തെ വീക്ഷണപ്രകാരം, പുരുഷന്മാർ നമസ്കരിച്ചില്ലെങ്കിലും സ്ത്രീകളുടെ നമസ്കാരം കൊണ്ട് തന്നെ സമൂഹം പ്രസ്തുത ബാധ്യതയിൽ നിന്ന് മുക്തരാകും. സ്ത്രീകളുടെ നമസ്കാരത്തിനു ശേഷമാണെന്ന കാരണത്താൽ പുരുഷന്മാരുടെ നമസ്കാരത്തിന്റെ പ്രസക്തിയോ പ്രാധാന്യമോ നഷ്ടമാകുന്നില്ല. ഇരുവിഭാഗത്തിന്റെയും നമസ്കാരം ഫർദുകിഫായഃയായി തന്നെ പരിഗണിക്കപ്പെടും. ഒരു സംഘം പുരുഷന്മാർ നമസ്കരിച്ച ശേഷം മറ്റൊരു സംഘം നമസ്കരിക്കുമ്പോഴും ഇതേ വിധി തന്നെയാണുള്ളത്. ഇമാം നവവി പ്രസ്താവിക്കുന്നു:

قال أصحابنا إذا صلّى على الجنازة عدد زائد على المشروط وقعت صلاة الجميع فرض كفاية.

'നമ്മുടെ മദ്ഹബുകാർ പറഞ്ഞു: നിബന്ധനയുള്ളതിനേക്കാൾ കൂടുതൽ എണ്ണം ആളുകൾ ജനാസയുടെ പേരിൽ നമസ്കരിച്ചാൽ എല്ലാവരുടെയും നമസ്കാരം ഫർദ് കിഫായഃയായാണ് ഭവിക്കുക' -ഉദ്ധരണം: മഹല്ലി 1/334. മേൽ വാചകത്തിനു ടിപ്പണിയായി അല്ലാമ ഖൽയൂബി ഇപ്രകാരം എഴുതിയിരിക്കുന്നു:

ശേഷവും സ്ത്രീകൾക്ക് മയ്യിത്ത് നിസ്കാരം സുന്നത്തില്ല'(നിഹായഃ) -സുന്നി വോയ്സ്, ജനുവരി 2003.

ഈ ഫത്വ ആളുകൾക്കു തന്നെ ഉൾക്കൊള്ളാനാവാതിരുന്നതിനാലാവണം, ശാഫിഈ മദ്ഹബിനോട് പ്രതിബദ്ധത പുലർത്തുന്ന മറ്റൊരു സുന്നി പ്രസിദ്ധീകരണത്തിലേക്ക് അതേ പറ്റി ചോദ്യം വന്നു. 'പ്രസ്തുത ഫത്‌വയെപ്പറ്റി എന്തുപറയുന്നു?' എന്ന ചോദ്യത്തോടുള്ള പ്രതികരണം ഇപ്രകാരമായിരുന്നു:

'ഉത്തരം: അത് ശരിയല്ലെന്നു തന്നെ. വോയ്സിലെ ഫത്‌വായിൽ നിഹായഃ തെളിവായി ഉദ്ധരിച്ചത് ശുദ്ധ അസംബന്ധമാണ്. ഇമാം റംലി(റ)യുടെ പ്രസിദ്ധമായ നിഹായഃയിൽ അങ്ങനെ ഒരിടത്തും പറഞ്ഞിട്ടില്ല'. (ഉദ്ധരണം: ഇ.പി.എം അശ്റഫ് ബാഖവി - തിരുത്തപ്പെട്ട ഫത്‌വാകൾ, പേജ്:96,97).

യാഥാർത്ഥ്യം ഇതായിരിക്കെ, സ്ത്രീകൾക്കു ജനാസഃ നമസ്കാരം വിലക്കുന്ന പുരോഹിത വൃന്ദം സ്ത്രീ സമൂഹത്തോടും മയ്യിത്തിനോടും വലിയ ദ്രോഹമാണ് ചെയ്യുന്നത്. നമസ്കരിക്കുന്നവർക്കും മയ്യിത്തിനും ഏറെ ഗുണദായകമായ കർമ്മമാണ് ജനാസഃ നമസ്കാരം. അത് നിർവഹിക്കുന്നവരുടെ പ്രതിഫലം മഹത്തരമാണെന്ന് ഹദീസുകളിലുണ്ട്. നബി(സ) പ്രസ്താവിച്ചതായി അബൂ ഹുറൈറഃ(റ) നിവേദനം ചെയ്യുന്നു:

من تبع جنازة وصلى عليها فله قيراط، ومن تبعها حتى يفرغ منها فله قيراطان أصغرهما مثل أحد أو أحدهما مثل أحد.

'മയ്യിത്തിനെ പിന്തുടർന്ന് അതിനുവേണ്ടി നമസ്കരിക്കുന്നവന് ഒരു ഖീറാത്വുണ്ട്. സംസ്കരണം പൂർത്തിയാകുന്നത് വരെ അതിനെ അനുഗമിച്ചവന് രണ്ടു ഖീറാത്വുണ്ട്. അതിലൊന്ന് അല്ലെങ്കിൽ അതിൽ ചെറുത് ഉഹുദ് മലയോളം വലുതാകുന്നു' -ബുഖാരി, മുസ്‌ലിം.

മയ്യിത്ത് നമസ്കാരം നിർവഹിക്കുന്നവർ മയ്യിത്തിന് വേണ്ടി അല്ലാഹുവിനോട് ശിപാർശ ചെയ്യുന്നവരാണ്. മയ്യിത്തിന്റെ പാപമോചനത്തിനും നരകമുക്തിക്കും സ്വർഗ പ്രവേശനത്തിനും വേണ്ടി അവർ പ്രാർത്ഥിക്കുന്നു. അതിനാൽ നമസ്കരിക്കുന്നവരുടെ എണ്ണം വർധിക്കുന്നത് മയ്യിത്തിന് ഗുണകരമായിത്തീരുന്നു. ആഇശഃ(റ) ഉദ്ധരിക്കുന്നു: നബി(സ) പ്രസ്താവിച്ചു.

ما من ميت يصلى عليه أمة من المسلمين يبلغون مائة كلهم يشفعون له إلا شفعوا

'നൂറ് പേരടങ്ങുന്ന മുസ്‌ലിം സമൂഹം ഒരു മയ്യിത്തിന് നമസ്കരിക്കുകയും എല്ലാവരും അയാൾക്കു വേണ്ടി ശിപാർശ നടത്തുകയും ചെയ്യുന്ന പക്ഷം അവരുടെ ശിപാർശ സ്വീകരിക്കപ്പെടാതിരിക്കില്ല' -അഹ്മദ്, മുസ്‌ലിം, തിർമിദി, മയ്യിത്ത് നമസ്കരിക്കാൻ മുന്നോട്ട് വരുന്ന വനിതകളെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നവർ അവർക്കും മയ്യിത്തിനും വരുത്തിവെക്കുന്ന നഷ്ടം ഉപരിസൂചിത ഹദീസുകളിൽ നിന്ന് വ്യക്തമാണല്ലോ. ■

■

**സ്ത്രീകൾക്കു ജനാസഃ നമസ്കാരം വിലക്കുന്ന പുരോഹിത വൃന്ദം സ്ത്രീ സമൂഹത്തോടും മയ്യിത്തിനോടും വലിയ ദ്രോഹമാണ് ചെയ്യുന്നത്. നമസ്കരിക്കുന്നവർക്കും മയ്യിത്തിനും ഏറെ ഗുണദായകമായ കർമ്മമാണ് ജനാസഃ നമസ്കാരം. അത് നിർവഹിക്കുന്നവരുടെ പ്രതിഫലം മഹത്തരമാണെന്ന് ഹദീസുകളിലുണ്ട്.**

سواء صلوا مع غيرهم أو وحدهم أو فرادى

'അവർ നമസ്കരിച്ചത് മറ്റുള്ളവരുടെ കൂടെയോ സ്വന്തമായോ ഒറ്റാക്കൊറ്റക്കോ ആവട്ടെ; എല്ലാം തുല്യമാകുന്നു' - Ibid

പറഞ്ഞുവന്നതിന്റെ ചുരുക്കം ഇതാണ്: ഒരു സാമൂഹ്യ ബാധ്യത എന്ന നിലയിൽ മയ്യിത്ത് നമസ്കാരം പുരുഷനെപ്പോലെ സ്ത്രീക്കും ബാധകമാണ് എന്നാണ് ഭൂരിപക്ഷം കർമ്മശാസ്ത്ര മദ്ഹബുകളും പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. ശാഫിഈ മദ്ഹബിലെ ഒരു വിഭാഗം പണ്ഡിതന്മാർക്ക്, പുരുഷൻ ഉണ്ടായിരിക്കെ സ്ത്രീക്ക് പ്രസ്തുത നമസ്കാരത്തിന്റെ ബാധ്യതയില്ലെന്ന് അഭിപ്രായമുണ്ട്. അവരുടെ വീക്ഷണത്തിൽ, പുരുഷന്മാർ ഉള്ളപ്പോൾ അവരുടെ കൂടെയോ അല്ലാതെയോ സ്ത്രീകൾ നമസ്കരിക്കുന്ന പക്ഷം അത് സുന്നത്തായി പരിഗണിക്കപ്പെടും. അവർക്കത് ഒറ്റയ്ക്കോ കൂട്ടായോ നിർവഹിക്കാം. ഇമാം നവവി പ്രസ്താവിക്കുന്നു:

وينبغي أن تسنّ لهنّ الجماعة كما في غيرها

'മറ്റു നമസ്കാരങ്ങളെപ്പോലെ ഇതും സംഘടിതമായി നിർവഹിക്കുന്നത് അവർക്കു സുന്നത്താണ്'.

എന്നാൽ കേരളത്തിൽ, ശാഫിഈ മദ്ഹബിന്റെ അനുകർത്താക്കളും സുന്നത്ത് ജമാഅത്തിന്റെ കുത്തക അവകാശപ്പെടുന്നവരുമായ ചില മുസ്‌ലിയാക്കൾ മയ്യിത്ത് നമസ്കാരത്തിൽ നിന്ന് സ്ത്രീകളെ തടയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നത് പല മഹല്ലുകളിലും കണ്ടുവരുന്നു. അവരുടെ വീക്ഷണത്തിൽ സ്ത്രീയുടെ മയ്യിത്ത് നമസ്കാരം സാധുവല്ലെന്ന് മാത്രമല്ല ഹറാമുമാണത്രെ. സ്ത്രീകളുടെ മയ്യിത്ത് നമസ്കാരം സംബന്ധിച്ച ഒരു ചോദ്യത്തിന് അവരുടെ പ്രസിദ്ധീകരണത്തിലൂടെ പുറത്ത് വന്ന ഫത്‌വാ ഇപ്രകാരമാണ്:

'പുരുഷന്മാരുടെ മയ്യിത്ത് നിസ്കാരത്തിനു മുമ്പ് സ്ത്രീകൾ മയ്യിത്ത് നിസ്കരിച്ചാൽ സ്വഹീഹാവുകയില്ല. അതുകൊണ്ട് തന്നെ കുറ്റകരവുമാണ്. പുരുഷന്മാരുടെ